## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ഗ്രാമീൺ കൗശല്യ യോജന

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 586 — 28-10-2016 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.എം.എം. മണി**<br>**ശ്രീ. ഒ. ആർ. കേളു**<br>**ശ്രീ. കെ.ഡി. പ്രസേനൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭാഗമായുള്ള 'ഗ്രാമീൺ കൗശല്യ യോജന' വഴി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന (ആജീവിക സ്കിൽസ്) യിലൂടെ 18-നും 35-നും ഇടയിൽ പ്രായമുള്ള യുവതി യുവാക്കൾക്കും 45 വയസ്സുവരെ പ്രായമുള്ള സ്ത്രീകൾക്കും വിവിധ തൊഴിലുകളിൽ പരിശീലനം നൽകുകയും തുടർന്ന് സംഘടിത മേഖലയിൽ ജോലി ലഭിക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. |
| (ബി) | പദ്ധതിയുടെ ഭാഗമായി ഗ്രാമവാസികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകാൻ പദ്ധതിയുണ്ടോ; ഏതെല്ലാം തൊഴിൽ മേഖലകളിലാണ് നൈപുണ്യം വികസിപ്പിക്കാനാവശ്യമായ പരിശീലനം നൽകുന്നത്; ഇതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്; താഴെപ്പറയുന്ന മേഖലകളിലാണ് നൈപുണ്യ പരിശീലനം നൽകിവരുന്നത് :-<br>1. ടൂറിസം &ഹോസ്പിറ്റാലിറ്റി<br>2. റീട്ടെയിൽ<br>3. ടെലികോം<br>4. ഇൻഫർമേഷൻ ടെക്.നോളജി<br>5. ഹെൽത്ത് കെയർ<br>6. ഓട്ടോമോട്ടീവ്<br>7. ബാങ്കിംഗ് & അക്കൗണ്ടിംഗ്<br>8. കൺസ്ട്രക്ഷൻ<br>9. കൊറിയർ & ലോജിസ്റ്റിക്സ്<br>10. ഫുഡ് പ്രോസസ്സിംഗ്<br>11. ഇൻഷുറൻസ്<br>12. പ്രൊഡക്ഷൻ & മാനുഫാക്ചറിംഗ്<br>13. ഫാഷൻ ഡിസൈനിംഗ്<br>14. അപ്പാരൽ<br>15. ഇലക്ട്രിക്കൽ & പ്ലംബിംഗ്<br>16. ഇലക്ട്രോണിക്സ്<br>17. ഫാർമ |

| | | | |
|---|---|---|---|
| | | | പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡം ചുവടെ ചേർക്കുന്നു<br><br>**<u>ഗുണഭോക്താക്കൾ</u>**<br>• 18-നും 35-നും ഇടയിൽ പ്രായമുള്ള ഗ്രാമീണ യുവതീയുവാക്കൾ<br>• സ്ത്രീകൾ, ശാരീരിക വൈകല്യമുള്ളവർ, മൂന്നാംലിംഗത്തിൽപ്പെട്ടവർ, പട്ടിക വർഗ്ഗക്കാർ എന്നിവർക്ക് മുൻഗണന (45 വയസ്സുവരെ ഇളവ്)<br>• തൊഴിലുറപ്പ് പദ്ധതിയിൽ അംഗമായ കുടുംബങ്ങൾക്ക് മുൻഗണന (ഒരു വർഷത്തിൽ കുറഞ്ഞത് 15 തൊഴിൽ ദിനങ്ങളെങ്കിലും പൂർത്തീകരിച്ചവർ)<br>• പ്രാക്തന ഗോത്രവർഗ്ഗത്തിൽപ്പെട്ടവർക്ക് മുൻഗണന |
| (സി) | ഇതിന്റെ ഭാഗമായി എത്ര പേർക്ക് തൊഴിൽ ലഭിച്ചെന്ന് കണക്കുണ്ടോ; വിശദമാക്കുമോ? | (സി) | നാളിതുവരെ പരിശീലനം പൂർത്തിയാക്കിയ 11447 പേരിൽ 6096 പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ